<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2327**</u> <u>**21-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**യൂസർ ഫീ പിരിച്ച് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കൽ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ ഉല്പാദനവും വിപണനവും ഒരു വശത്ത് കൂടി നടത്തുകയും മറുവശത്ത് കൂടി യൂസർ ഫീ പിരിച്ച് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുകയും ചെയ്യുന്ന രീതിക്ക് മാറ്റം വരുത്തുമോ; വ്യക്തമാക്കുമോ? | (എ) | 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ്മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം "ക്യാരി ബാഗുകൾ" എന്നത് ഒരു ഉല്പന്നത്തിന്റെ / ചരക്കിന്റെ ഭാഗമാകാത്തതും (അതായത് പാക്കേജിങ് അല്ലാത്തത്) എന്നാൽ ഉത്പന്നങ്ങൾ/ ചരക്കുകൾ കൊണ്ടുപോകുന്നതിനോ വിതരണം ചെയ്യുന്നതിനോ ഉപയോഗിക്കുന്ന ബാഗുകളാണ്. ഉപയോഗിക്കുന്നതിന് മുമ്പ് സാധനങ്ങൾ സീൽ ചെയ്തിരിക്കുന്ന പാക്കേജിംഗിന്റെ അവിഭാജ്യ ഘടകമായ ബാഗുകൾ ഈ വിഭാഗത്തിൽപ്പെടുന്നില്ല.<br><br>പരിസ്ഥിതി വകുപ്പ് പുറപ്പെടുവിച്ച 27/11/2019 തീയതിയിലെ സ.ഉ.(കൈ)നം.6/2019/പരി, 17/12/2019 തീയതിയിലെ സ.ഉ.(കൈ) നം.07/2019/പരി. എന്നീ ഉത്തരവുകൽ പ്രകാരം ക്യാരിബാഗുകൾ 01/01/2020 മുതൽ സംസ്ഥാനത്ത് കനത്തിന്റെ മാനദണ്ഡമില്ലാതെ നിർമിക്കുകയോ, കൊണ്ടുപോകുകയോ, സൂക്ഷിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യുന്നത് നിരോധിച്ചിട്ടുള്ളതാണ്. ടി ഉത്തരവുകൾ പ്രകാരം പരിശോധനകൾ നടത്തുകയും ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 21.03.2023 ലെ സ.ഉ.(സാധാ) നം 673/2023/LSGD പ്രകാരം മാലിന്യ സംസ്കരണത്തിലെ ലംഘനം കണ്ടെത്തുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. ടി സ്ക്വാഡ് പരിശോധനകൾ നടത്തി നിയമ ലംഘനങ്ങൾ കണ്ടെത്തി കർശന നടപടികൾ കൈക്കൊണ്ട് വരുന്നു. പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ പ്ലേറ്റ്, പേപ്പർ കപ്പ്, മറ്റ് ഉൽപ്പന്നങ്ങളുടെ അനധികൃത ഇറക്കുമതി തടയുന്നതിനുവേണ്ടി **കൊച്ചിൻ പോർട്ടിനും കസ്റ്റംസ് ഡിപ്പാർട്ട്മെൻറിനും കത്ത് മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്കുള്ള ബദൽ ഉൽപ്പന്ന നിർമ്മാതാക്കളുടെ വിവരങ്ങൾ മലിനീകരണ** |

| | | | |
|---|---|---|---|
| | | | **നിയന്ത്രണ ബോർഡ് ശേഖരിച്ച ക്രോഡീകരിച്ച നൽകിയിട്ടുണ്ട്.**<br><br>തദ്ദേശസ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള അംഗീകൃത മാലിന്യശേഖകകരായ ഹരിതകർമസേന വീട്ടുകളിൽ നിന്നും പ്ലാസ്റ്റിക് പാക്കേജിംഗുകൾ ശേഖരിച്ച് EPR Registration ലഭിച്ചിട്ടുള്ള പ്ലാസ്റ്റിക് മാലിന്യം സംസ്കരണ കമ്പനികൾക്ക് (റീസൈക്ലേഴ്സ്/ സിമെന്റ് പ്ലാന്റുകൾ) നൽകുകയും ആയത് റീസൈകിൾ/സിമ്മൻറ് പ്ലാൻറുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വകരിച്ചുവരുന്നു. അംഗീകൃത ശേഖകർക്ക് നല്കുന്നതിനാണ് യൂസർ ഫീ ഈടാക്കുന്നത്. ഇപ്രകാരം യൂസർ ഫീ ഈടാക്കാനുള്ള വ്യവസ്ഥ 2016 ലെ ഖരമാലിന്യ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നു.<br><br>ടി ചട്ടങ്ങളിലെ ചട്ടങ്ങൾ 3(54) പ്രകാരം യൂസർ ഫീ എന്നത് മാലിന്യം ഉല്പാദിപ്പിക്കുന്നവർ ഖരമാലിന്യ ശേഖരണം, ഗതാഗതം, സംസ്കരണം, നിർമാർജനം എന്നീ സേവനങ്ങൾ നൽകുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം എല്ലാ മാലിന്യ ഉല്പാദകരും ഖരമാലിന്യ സംസ്കരണത്തിന് ഉപഭോക്തൃഫീസ് അടയ്ക്കേണ്ടതാണ്.<br><br>**കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് 2024, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് 2024 എന്നിവയിലെ യഥാക്രമം 326 (ഡി), 219(എ ഡി) സെക്ഷനുകൾ പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന യൂസർഫീസ് നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട് .**<br><br>മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ യൂസർ ഫീ ഈടാക്കി മാലിന്യം ശേഖരിക്കുന്ന രീതിക്ക് മാറ്റം വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ